**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** **02-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ മാസവും വൈദ്യുതി നിരക്ക് കൂട്ടാൻ വിതരണ കമ്പനികളെ അനുവദിക്കുന്ന വൈദ്യുതി ചട്ടം ഭേദഗതി നിർദ്ദേശം അന്തിമമാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ വിതരണ കമ്പനികളെ എല്ലാ മാസവും അനുവദിക്കുന്ന വൈദ്യുതി ഭേദഗതി നിർദ്ദേശം നിലവിലില്ല എന്നാൽ മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന കൈമാറാൻ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയം വൈദ്യുതി ഭേദഗതി റൂൾസ് 2022, 29.12.2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രസ്തുത നിയമത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധികബാധ്യത/കുറവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്ത് Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽ നിന്ന് മാസാടിസ്ഥാനത്തിൽ സ്വയമേവ വീണ്ടെടുക്കാൻ/തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല.<br><br>നിയമങ്ങൾ പ്രസിദ്ധീകരിച്ച് തൊണ്ണൂറ ദിവസത്തിനുള്ളിൽ സംസ്ഥാന കമ്മീഷൻ price adjustment formula വ്യക്തമാക്കേണ്ടതാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത Fuel and Power Purchase Adjustment Surcharge നിർണ്ണയിക്കുന്നത് വരെ വൈദ്യുതി (ഭേദഗതി) |

നിയമത്തിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത ഷെഡ്യൂൾ - II-ൽ വ്യക്തമാക്കിയിട്ടുള്ള methodology- യും formula- യു ബാധകമാക്കേണ്ടതാണ്.

റൂൾസ് അനുസരിച്ച് വർഷം തോറും ജൂൺ 3( -നു മുമ്പായി, power purchase adjustment surcharge ട്രൂ അപ്പ് പ്രക്രിയ മുഖേന സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. അതായത വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട സംസ്ഥാന വൈദ്യുതി റെഗുലേറ്ററ കമ്മീഷന്റെ നിലവിലെ ചട്ടങ്ങൾ വൈദ്യുത ഭേദഗതി റൂൾസ് അനുസരിച്ച് ഭേദഗത ചെയ്യേണ്ടതാണ്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ Fuel and Power Purchase Adjustment Surcharge കണക്കാക്കാനും സ്വയമേവ ചാർജ ചെയ്യാനും വിതരണ ലൈസൻസ് പരാജയപ്പെട്ടാൽ, (force majeure conditions ഒഴികെ), വിതരണ യൂട്ടിലിറ്റിക്ക Fuel and Power Purchase Adjustment Surcharge വീണ്ടെടുക്കുന്നതിനുള്ള അവകാശം നഷ്ടപ്പെടുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ, ട്രൂ-അപ്പ് സമയത്ത നിർണ്ണയിക്കുന്ന Fuel and Power Purchase Adjustment Surcharge വീണ്ടെടുക്കാനുള്ള അവകാശവും നഷ്ടപ്പെടും. അതായത വൈദ്യുതി ഭേദഗതി റൂൾസ് അനുസരിച്ച സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ Fuel and Power Purchase Adjustment Surcharge കണക്കാക്കാനും സ്വയമേവ ചാർജ ചെയ്യാനും വിതരണ ലൈസൻസ് പരാജയപ്പെടുന്ന സാഹചര്യത്തിൽ വിതരണ ലൈസൻസിക്ക് വൈദ്യുതി വാങ്ങൽ ചെലവിലെ വ്യത്യാസം പിന്നീട് വീണ്ടെടുക്കാൻ കഴിയാതെ വരികയും ഇത് വിതരണ കമ്പനികളുടെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യു അതുപോലെ ട്രൂ അപ്പ് പ്രക്രിയ സമയത്ത ഏതെങ്കിലും കാരണത്താൽ വിതരണ

| | | | |
|---|---|---|---|
| | | | കമ്പനികൾ Fuel and Power purchase Adjustment Surcharge (FPPAS) അധികമായി ഈടാക്കിയെന്നു ശ്രദ്ധയിൽ പ്പെട്ടാൽ പ്രസ്തുത തുക വിതരണ കമ്പനികളിൽ നിന്നും പലിശ സഹിതം ഈടാക്കി ഉപഭോക്താക്കൾക്ക് തിരിച്ചു നൽകേണ്ടതാണ്. |
| (ബി) | എങ്കിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് ഏതൊക്ക രീതിയിലുള്ള അധിക ബാദ്ധ്യതയാണ് ഇതിലൂടെ ഉണ്ടാകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേന്ദ്ര വൈദ്യുതി മന്ത്രാലയം 29.12.2022 ലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ച പുറപ്പെടുവിച്ച വൈദ്യുതി (ഭേദഗതി) റൂൾസ 2022-ലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധിക ബാധ്യത/കുറവ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ് അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്തി Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽ നിന്ന മാസാടിസ്ഥാനത്തിൽ സ്വയമേവ ഈടാക്കുന്നതിനോ/തിരികെ നൽകുവാനോ വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ ഈടാക്കുന്നതിനോ/തിരികെ നൽകുവാനോ കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല.<br><br>വൈദ്യുതി ചാർജിൽ പ്രതിമാസം ഉണ്ടാകുന്ന വ്യതിയാനം ഗാർഹിക, വാണിജ്യ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നു. |
| (സി) | പ്രസ്തുത ചട്ടം ഭേദഗതിയിന്മേൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | കേന്ദ്രസർക്കാർ വൈദ്യുതി ഭേദഗതി ചട്ടങ്ങളുടെ കരടിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. മേൽപറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും, ഒപ്പം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ല എന്നും 06.09.2022 തീയതിയിലെ എ1/183/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക |

| | | | |
|---|---|---|---|
| | | | കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.യും തങ്ങളുടെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു.29.12.2022-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി ഉചിത തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ